ചുരുക്കത്തിൽ

‘കേരള സ്റ്റോറി’ നിരോധനം: സുപ്രീംകോടതി നോട്ടീസയച്ചു

ന്യൂഡൽഹി

വിദ്വേഷസിനിമ ‘ദ കേരള സ്റ്റോറി’ നിരോധിച്ച ബംഗാൾ സർക്കാരിന്റെ നടപടി സ്റ്റേ ചെയ്യാതെ സുപ്രീംകോടതി. സിനിമാ നിർമാതാക്കളുടെ ഹർജിയിൽ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ബംഗാൾ സർക്കാരിന് നോട്ടീസ് അയച്ചു. തമിഴ്നാട്ടിൽ സിനിമയ്ക്ക് അപ്രഖ്യാപിത വിലക്കുണ്ടെന്ന നിർമാതാക്കളുടെ ആരോപണം കണക്കിലെടുത്ത് തമിഴ്നാട് സർക്കാരിനും നോട്ടീസ് അയക്കാൻ നിർദേശിച്ചു. ചിത്രം പ്രദർശിപ്പിച്ചാൽ ക്രമസമാധാന പ്രശ്നം ഉണ്ടാകുമെന്ന് ബംഗാൾ സർക്കാർ ചൂണ്ടിക്കാട്ടി. കേസ് വീണ്ടും ബുധനാഴ്ച പരിഗണിക്കും.

ഭാരത് പേ മുൻ എംഡിക്കെതിരെ 82 കോടിയുടെ തട്ടിപ്പ് കേസ്

ന്യൂഡൽഹി

ഡിജിറ്റൽ പണമിടപാട് സ്ഥാപനം ഭാരത്പേ മുൻ മാനേജിങ് ഡയറക്ടർ അഷ്നീർ ഗ്രോവർ, ഭാര്യ മാധുരി ജയിൻ ഗ്രോവർ, മറ്റ് കുടുംബാംഗങ്ങൾ എന്നിവർക്കെതിരെ ഡൽഹി പൊലീസിന്റെ സാമ്പത്തിക കുറ്റകൃത്യ അന്വേഷണ വിഭാഗം കേസെടുത്തു. 81.28 കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് ആരോപിച്ച് 10 വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസ്.

സുദർശൻ ടിവി വാർത്ത നീക്കണം: ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി

നിർബന്ധിത മതപരിവർത്തനം നടത്തിയെന്ന് ആരോപിച്ച് അസ്മത് അലി ഖാൻ എന്നയാൾക്കെതിരെ സുദർശൻ ടിവി അടക്കമുള്ള ചാനലുകൾ നൽകിയ വാർത്തകളും സമൂഹമാധ്യമങ്ങളിലെ വീഡിയോകളും നീക്കണമെന്ന് ഡൽഹി ഹൈക്കോടതി ഉത്തരവിട്ടു. ഡൽഹി സ്വദേശിയായ യുവതിയെ അസ്മത് ബലംപ്രയോഗിച്ച് ഇസ്ലാം മതത്തിലേക്ക് മാറ്റുന്നെന്ന് ആരോപിച്ചാണ് സുദർശൻ, ഭാരത് പ്രകാശൻ, ഒറീസ ടിവി എന്നീ ചാനലുകൾ വാർത്ത നൽകിയത്. ആരോപണങ്ങൾ ഡൽഹി പൊലീസ് അന്വേഷിക്കുകയാണെന്നും മാധ്യമങ്ങളുടെ പ്രചാരണം തന്റെ സുരക്ഷയ്ക്കു ഭീഷണിയാണെന്നും ചൂണ്ടിക്കാണിച്ചാണ് അസ്മത് കോടതിയെ സമീപിച്ചത്.

സച്ചിൻ പൈലറ്റിന്റെ വിമത ജാഥയ്ക്ക് വൻ ജനപിന്തുണ

കോൺഗ്രസ് ആശങ്കയിൽ

- മുഖ്യമന്ത്രി അശോക് ഗെലോട്ടും ബിജെപി നേതാവ് വസുന്ധര രാജെ സിന്ധ്യയുമായി രഹസ്യധാരണയുണ്ടെന്ന് സച്ചിൻ

സ്വന്തം ലേഖകൻ

ന്യൂഡൽഹി

സച്ചിൻ പൈലറ്റിന്റെ യാത്ര അജ്മീറിലെ കിഷൻഗഡിലെത്തിയപ്പോൾ

രാജസ്ഥാനിൽ നിയമസഭാ തെരഞ്ഞെടുപ്പിന് മാസങ്ങൾമാത്രം ശേഷിക്കെ കോൺഗ്രസ് നേതൃത്വത്തെ വെല്ലുവിളിച്ച് സച്ചിൻ പൈലറ്റ് നയിക്കുന്ന പദയാത്രയിൽ രണ്ടാം ദിവസവും ആയിരങ്ങൾ പങ്കാളികളായി. പദയാത്രയ്ക്ക് ലഭിക്കുന്ന ജനപിന്തുണയിൽ കോൺഗ്രസ് നേതൃത്വം അസ്വസ്ഥമാണ്. മുഖ്യമന്ത്രി അശോക് ഗെലോട്ടും ബിജെപി നേതാവ് വസുന്ധര രാജെ സിന്ധ്യയുമായി രഹസ്യധാരണയുണ്ടെന്ന് സച്ചിൻ തുറന്നടിച്ചു. സംസ്ഥാന കോൺഗ്രസ് സർക്കാരിന്റെ വീഴ്ചകൾ ഉയർത്തിക്കാട്ടിയുള്ള സച്ചിന്റെ ജനസംഘർഷ് യാത്ര വ്യാഴാഴ്ച അജ്മീരിൽ നിന്നാണ് ആരംഭിച്ചത്. അഞ്ചുദിവസം നീളുന്ന യാത്ര ജയ്പുരിൽ സമാപിക്കും. കോൺഗ്രസ് പതാക ഒഴിവാക്കി ദേശീയ പതാക പിടിച്ച് ദേശഭക്തി ഗാനങ്ങൾ പാടിയാണ് ജാഥ നീങ്ങുന്നത്.

വെള്ളിയാഴ്ച കിഷൻഗഡിലെ ടോൾപ്ലാസയിൽ സച്ചിൻ അണികളെ അഭിസംബോധന ചെയ്തു. രാഷ്ടീയം അഗ്നി നദിയാണെന്നും അത് നീന്തിക്കടക്കാതെ നിർവാഹമില്ലെന്നും സച്ചിൻ പറഞ്ഞു. ആരോടും വ്യക്തിപരമായ എതിർപ്പില്ല. കഴിഞ്ഞ സർക്കാരിന്റെ അഴിമതികൾ അന്വേഷിക്കുമെന്ന് വാക്കുപറഞ്ഞാണ് അധികാരത്തിലെത്തിയത്. എന്നാൽ, ഒരു അന്വേഷണവുമില്ല. വസുന്ധരയ്ക്കെതിരെ ഗെലോട്ട് തന്നെ ആക്ഷേപം ഉയർത്തിയിട്ടുണ്ട്. എന്നാൽ, അധികാരത്തിൽ എത്തിയപ്പോൾ മറന്നു. വസുന്ധരയുമായി രഹസ്യധാരണയുണ്ടോയെന്ന് ഗെലോട്ട് വ്യക്തമാക്കണം. ഹൈക്കമാൻഡ് വിഷയത്തിൽ ഇടപെടേണ്ടതുണ്ട്– സച്ചിൻ പറഞ്ഞു.

മുൻമന്ത്രി രാജേന്ദ്ര ചൗധുരി, ജില്ലാ നേതാവ് മഹേന്ദ്ര രാൽവത തുടങ്ങിയവർ യാത്രയിൽ പങ്കാളികളായി. എന്നാൽ, സച്ചിനൊപ്പമുള്ള എംഎൽഎമാർ വിട്ടുനിൽക്കുകയാണ്.

ഖാർഗെയ്ക്ക് റിപ്പോർട്ട് നൽകും: രൺധാവ

അശോക് ഗെലോട്ടും സച്ചിൻ പൈലറ്റും തമ്മിലുള്ള പോരിൽ ഹൈക്കമാൻഡ് തക്കസമയത്ത് ഇടപെടുമെന്ന് സംസ്ഥാനത്തിന്റെ ചുമതലയുള്ള സുഖ്ജീന്ദർ സിങ് രൺധാവ പറഞ്ഞു. സച്ചിന്റെ പദയാത്ര നിരീക്ഷിക്കുന്നുണ്ട്, കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ കർണാടകത്തിൽ നിന്ന് മടങ്ങിയെത്തിയശേഷം റിപ്പോർട്ട് നൽകുമെന്നും രാജസ്ഥാൻ വിഷയം ചർച്ചചെയ്യാൻ ചേർന്ന നേതൃയോഗത്തിനുശേഷം അദ്ദേഹം പറഞ്ഞു.

രൺധാവയ്ക്ക് പുറമെ പിസിസി പ്രസിഡന്റ് ഗോവിന്ദ് സിങ് ഡൊടാസ്ര സഹചുമതലക്കാരായ ക്വാസി മുഹമ്മദ് നിസാമുദ്ദീൻ, അമൃത ധവാ ൻ, വീരേന്ദ്ര റാത്തോഡ് തുടങ്ങിയവരും പങ്കെടുത്തു. സച്ചിന്റെ യാത്ര ഗുരുതര സ്വഭാവത്തിലുള്ള അച്ചടക്കലംഘനമാണെന്നും കടുത്ത നടപടി വേണമെന്നും ഗെ ലോട്ട് പക്ഷക്കാരനായ ഡൊടാസ്ര യോഗത്തിൽ പറഞ്ഞതായി റിപ്പോർട്ടുണ്ട്.

ഗെലോട്ടിന്റെ ചിത്രം ട്വീറ്റ് ചെയ്ത് ഹൈക്കമാൻഡ്

സ്വന്തം ലേഖകൻ

ന്യൂഡൽഹി

രാജസ്ഥാൻ പോരിൽ ഗെലോട്ടിനൊപ്പമാണെന്ന സൂചന നൽകി കോൺഗ്രസ് ഹൈക്കമാൻഡ്. സച്ചിന്റെ പദയാത്ര ആരംഭിച്ച വ്യാഴാഴ്ച ഗെലോട്ട് വിദ്യാർഥികളുമായി സംവദിക്കുന്ന വീഡിയോ ജനങ്ങളുടെ മുഖ്യമന്ത്രി എന്ന അടിക്കുറിപ്പോടെ കോൺഗ്രസ് ട്വീറ്റ് ചെയ്തു. പിന്നാലെ രാജസ്ഥാൻ സർക്കാരിന്റെ നേട്ടങ്ങളെന്ന് അവകാശപ്പെട്ടുള്ള വീഡിയോകളും തുടർച്ചയായി ട്വീറ്റ് ചെയ്തു. സച്ചിൻ ഗുരുതര ആരോപണങ്ങൾ ഉയർത്തിയിട്ടും ഗെലോട്ട് കാര്യമായി പ്രതികരിക്കാത്തത് ഹൈക്കമാൻഡ് നിർദേശപ്രകാരമാണെന്നും സൂചനയുണ്ട്. നിർണായക ഘട്ടത്തിൽ സച്ചിൻ കോൺഗ്രസ് വിട്ട് സ്വതന്ത്രമായി നീങ്ങുമെന്ന ആശങ്കയും ഒരു വിഭാഗത്തിനുണ്ട്. ഇതെല്ലാം കണക്കിലെടുത്താണ് ഗെലോട്ട് പക്ഷത്തേക്ക് ഹൈക്കമാൻഡ് ചായുന്നത്.

കർണാടകഫലം ഇന്ന്

ജനവിധി കാക്കുന്ന പ്രമുഖർ

കർണാടക തെരഞ്ഞെടുപ്പ്

ബസവരാജ് ബൊമ്മെ (ഷിഗോൺ)

നിലവിൽ മുഖ്യമന്ത്രി. പ്രധാന എതിരാളി കോൺഗ്രസിന്റെ യാസിർ അഹമദ് ഖാൻ പത്താൻ.

സിദ്ദരാമയ്യ (വരുണ)

മുൻ മുഖ്യമന്ത്രി, നിലവിൽ പ്രതിപക്ഷ നേതാവ്. മൈസൂരു ജില്ലയിലെ വരുണയിൽനിന്ന് മത്സരിക്കുന്നു. പ്രധാന എതിരാളി ബിജെപിയുടെ വി സോമണ്ണ.

എച്ച് ഡി കുമാരസ്വാമി (ചന്നപട്ടണ)

മുൻ മുഖ്യമന്ത്രി, ജെഡിഎസ് നിയമസഭ കക്ഷിനേതാവ്, രാമനഗര ജില്ലയിലെ ചന്നപട്ടണയിൽ സ്ഥാനാർഥി. പ്രധാന എതിരാളി ബിജെപിയുടെ സി പി യോഗേശ്വർ.

ജഗദീഷ് ഷെട്ടാർ (ഹുബ്ബള്ളി ധാർവാർഡ് സെൻട്രൽ)

ബിജെപി മുൻ മുഖ്യമന്ത്രിയും പ്രമുഖ ലിംഗായത്ത് നേതാവും. സീറ്റ് നിഷേധിച്ചതിനെ തുടർന്ന് ബിജെപി വിട്ട് കോൺഗ്രസ് സ്ഥാനാർഥിയായി. എതിരാളി ബിജെപിയുടെ മഹേഷ് തെങ്കിനകയി.

ഡി കെ ശിവകുമാർ (കനകപുര)

കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ്, മുൻ മന്ത്രി. പ്രധാന എതിരാളികൾ ആർ അശോക (ബിജെപി), ബി ആർ രാമചന്ദ്ര (ജെഡിഎസ്).

നിഖിൽ കുമാരസ്വാമി (രാമനഗരം)

എച്ച് ഡി കുമാരസ്വാമിയുടെ മകൻ, കന്നട സിനിമാതാരം. പ്രധാന എതിരാളി കോൺഗ്രസിന്റെ ഇഖ്ബാൽ ഹുസൈൻ.

ബി വൈ വിജയേന്ദ്ര (ശിക്കാരിപുര)

ബി എസ് യെദ്യൂരപ്പയുടെ മകൻ, ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ്. പിതാവിന്റെ സിറ്റിങ് സീറ്റിൽ മത്സരിക്കുന്നു. എതിരാളി കോൺഗ്രസിന്റെ ജി ബി മലാതേഷ്.

സി ടി രവി (ചിക്മഗളൂരു)

ബിജെപി ദേശീയ ജനറൽ സെക്രട്ടറിയായ സി ടി രവി ചികമകളൂരുവിൽനിന്ന് മത്സരിക്കുന്നു. കോൺഗ്രസിന്റെ എച്ച് ഡി തിമ്മയ്യ മുഖ്യ എതിരാളി.

ആർ അശോക (കനകപുര)

മുതിർന്ന ബിജെപി നേതാവും മന്ത്രിയും ലിംഗായത്ത് നേതാവുമായ ആർ അശോക് ഡി കെ ശിവകുമാറിനെതിരെ കനകപുരയിൽ സ്ഥാനാർഥി. ബംഗളൂരു പത്മനാഭ നഗറിലും മത്സരിക്കുന്നു.

ജി പരമേശ്വര (കൊരട്ടഗെരെ)

മുൻ ഉപമുഖ്യമന്ത്രിയും കെപിസിസി പ്രസിഡന്റുമായിരുന്നു. ജെഡിഎസിലെ സുധാകർ ലാലും ബിജെപിയിലെ അനിൽകുമാറുമാണ് എതിരാളികൾ

എം ബി പാട്ടീൽ (ബബലേശ്വർ)

മുതിർന്ന കോൺഗ്രസ് നേതാവും മുൻ ആഭ്യന്തരമന്ത്രിയും. തുടർച്ചയായി മൂന്നു തവണ ബബലേശ്വരിൽനിന്ന് ജയിച്ചു. ബിജെപിയുടെ വിജുഗൗഡ എസ് പാട്ടീലാണ് എതിരാളി.

പ്രിയങ്ക് ഖാർഗെ (ചിത്തപ്പൂർ)

കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെയുടെ മകൻ. ജനതാദളിന്റെ ഉഭാഷ് ചന്ദ്ര റാത്തോഡും ബിജെപിയുടെ മണികണ്ഠ റാത്തോഡുമാണ് എതിരാളികൾ

അദാനി ഓഹരിത്തട്ടിപ്പ് അന്വേഷണം

സെബിയുടെ ആവശ്യം തള്ളി

- അന്വേഷണത്തിനുള്ള സമയപരിധി നീട്ടാനാകില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി

അദാനി ഗ്രൂപ്പിന് എതിരെ ഹിൻഡൻബെർഗ് റിപ്പോർട്ടിലെ വെളിപ്പെടുത്തലുകളിൽ അന്വേഷണം പൂർത്തിയാക്കാൻ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യക്ക് (സെബി) അനിശ്ചിതകാലം അനുവദിക്കാനാകില്ലെന്ന് സുപ്രീംകോടതി. അന്വേഷണം പൂർത്തിയാക്കാൻ ആറുമാസംകൂടി വേണമെന്ന സെബിയുടെ ആവശ്യം ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് തള്ളി.

വിഷയം അന്വേഷിക്കാൻ സുപ്രീംകോടതി രൂപീകരിച്ച വിദഗ്ധ സമിതിക്കും സെബിക്കും മൂന്നുമാസംകൂടി അനുവദിക്കാമെന്ന് കോടതി പറഞ്ഞു. സെബിയുടെ അപേക്ഷയിൽ തിങ്കളാഴ്ച വിശദ ഉത്തരവ് പുറപ്പെടുവിക്കും. വിഷയം സങ്കീർണമാണെന്നും ആറുമാസംകൂടി അനുവദിക്കണമെന്നുമായിരുന്നു സെബിയുടെ ആവശ്യം. സെബിക്ക് സുപ്രീംകോടതി അനുവദിച്ച രണ്ടുമാസം കാലാവധി അവസാനിച്ച പശ്ചാത്തലത്തിലാണ് കൂടുതൽ സമയം ആവശ്യപ്പെട്ടത്. അതേസമയം, കോടതി നിയോഗിച്ച ജസ്റ്റിസ് (റിട്ട.) എ എം സാപ്രെ അധ്യക്ഷനായ വിദഗ്ധസമിതി മുദ്രവച്ച കവറിൽ റിപ്പോർട്ട് കോടതിക്ക് നൽകിയിരുന്നു. വിശദാംശം പുറത്തുവന്നിട്ടില്ല. തിങ്കളാഴ്ച ഈ റിപ്പോർട്ടും സുപ്രീംകോടതി പരിശോധിച്ചേക്കും.

രാജ്യത്തെ കർഷകർക്ക് ട്രേഡ് യൂണിയൻ ഇന്റർനാഷണലിന്റെ അഭിനന്ദനം

ന്യൂഡൽഹി

കോർപറേറ്റ് പ്രീണന കാർഷിക നിയമങ്ങൾക്കെതിരെ ഇന്ത്യയിലെ കർഷകർ നേടിയ വിജയത്തെ പാരീസിൽ ചേർന്ന കൃഷിമേഖലയിലെ ട്രേഡ് യൂണിയൻ ഇന്റർനാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അഭിനന്ദിച്ചു. അഖിലേന്ത്യ കർഷക തൊഴിലാളി യൂണിയനെ പ്രതിനിധീകരിച്ച് എ വിജയരാഘവനും കിസാൻസഭയ്ക്കുവേണ്ടി വിജൂ കൃഷ്ണനും യോഗത്തിൽ പങ്കെടുത്തു.

മുൻ എക്സിക്യൂട്ടീവ് അംഗം സുനിത് ചോപ്രയുടെ വിയോഗത്തിൽ യോഗം അനുശോചിച്ചു. ക്യൂബയ്ക്കും പലസ്തീനുംനേരെ നടക്കുന്ന സാമ്രാജ്യത്വ, വംശീയ കടന്നാക്രമണങ്ങളെ യോഗം അപലപിച്ചു. നവംബറിൽ കെയ്റോയിൽ നടക്കേണ്ട അഞ്ചാം ട്രേഡ് യൂണിയൻ ഇന്റർനാഷണൽ സമ്മേളനത്തിന്റെ തയ്യാറെടുപ്പുകൾ യോഗം ചർച്ച ചെയ്തു.

അലഹബാദ് ഹൈക്കോടതി ഉത്തരവ്

ഗ്യാൻവാപി മസ്ജിദിൽ ശാസ്ത്രീയ പരിശോധന നടത്തണം

അലഹബാദ്

ഗ്യാൻവാപി മസ്ജിദ്

വാരാണസിയിലെ ഗ്യാൻവാപി മസ്ജിദ് വളപ്പിലെ ‘ശിവലിംഗ’മെന്ന് ആരോപിക്കപ്പെടുന്ന വസ്തുവിന്റെ കാലപ്പഴക്കം നിർണയിക്കാൻ ശാസ്ത്രീയ പരിശോധന നടത്താൻ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയോട് നിർദേശിച്ച് അലഹബാദ് ഹൈക്കോടതി. പള്ളിയിലെ കുളത്തിൽ പുരാതന ജലധാര യന്ത്രത്തോട് സാദൃശ്യമുള്ള നിർമിതി ശിവലിംഗമാണെന്ന് ആരോപിച്ച് നൽകിയ ഹർജിയിലാണ് നടപടി.

പള്ളിയിലെ പുരാതന നിർമിതിയുടെ കാലപ്പഴക്കം നിർണയിക്കണമെന്ന ഹർജി വാരാണസി കോടതി തള്ളിയതോടെയാണ് സംഘപരിവാർ പിന്തുണയുള്ള ഹർജിക്കാർ അലഹബാദ് ഹൈക്കോടതിയെ സമീപിച്ചത്. പള്ളിയിൽ ‘ശിവലിംഗ’മുള്ള ഭാഗത്ത് ആരാധനയ്ക്ക് അനുമതിവേണമെന്നാണ് ഹർജിക്കാരായ അഞ്ച് സ്ത്രീകളുടെ ആവശ്യം. ജസ്റ്റിസ് ആർവിന്ദ് കുമാർ മിശ്ര ഉൾപ്പെട്ട ബെഞ്ചാണ് വിധി പ്രസ്താവിച്ചത്.

പള്ളിക്കുള്ളിൽ പുരാത നിർമിതിയിൽ ശാസ്ത്രീയ പരിശോധന നടത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ കഴിഞ്ഞദിവസം സമർപ്പിച്ചിരുന്നു. കാശിവിശ്വനാഥ ക്ഷേത്രത്തിനു സമീപമാണ് ഗ്യാൻവാപി മസ്ജിദ്.

ബ്രിജ് ഭൂഷണിന്റെ ലൈംഗികാതിക്രമം

എസ്ഐടി രൂപീകരിച്ചെന്ന് ഡൽഹി പൊലീസ്

ബ്രിജ് ഭൂഷണിന്റെ മൊഴിയെടുത്തു

ന്യൂഡൽഹി

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയടക്കം ഏഴ് വനിതാ താരങ്ങളെ ലൈംഗിക പീഡനത്തിനിരയാക്കിയ കേസിൽ പ്രതിഷേധ വേലിയേറ്റങ്ങൾക്കൊടുവിൽ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിന്റെ മൊഴി ഡൽഹി പൊലീസ് വെള്ളിയാഴ്ച രേഖപ്പെടുത്തി. കേസുമായി ബന്ധപ്പെട്ട ചില രേഖകൾ ഹാജരാക്കാനും ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റൊരു പ്രതിയായ ഗുസ്തി ഫെഡറേഷൻ അസി. സെക്രട്ടറി വിനോദ് തോമറിന്റെ മൊഴിയും രേഖപ്പെടുത്തി. താരങ്ങൾ അനിശ്ചിതകാല സമരം തുടങ്ങിയശേഷമാണ് കേസെടുക്കാൻ പൊലീസ് തയ്യാറായത്. പോക്സോ കേസ് എടുത്തിട്ടും പ്രതിയെ അറസ്റ്റുചെയ്യാത്തത് വലിയ വിമർശമായിരിക്കെയാണ് പൊലീസ് മൊഴിയെടുത്തത്.

സ്വന്തം ലേഖകൻ

ന്യൂഡൽഹി

ഗുസ്തി ഫെഡറേഷൻ പ്രസിഡന്റും ബിജെപി എംപിയുമായ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിന് എതിരായ ലൈംഗികാതിക്രമ പരാതികൾ അന്വേഷിക്കാൻ പത്തംഗ പ്രത്യേക അന്വേഷണസംഘം (എസ്ഐടി) രൂപീകരിച്ചതായി ഡൽഹി പൊലീസ്. അഡീഷണൽ ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേട്ട് ഹർജീത് സിങ് ജസ്പാൽ മുമ്പാകെയാണ് ഇക്കാര്യം അറിയിച്ചത്.

കോടതി നിർദേശപ്രകാരം പൊലീസ് സമർപ്പിച്ച അന്വേഷണത്തിന്റെ തൽസ്ഥിതി റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്. വനിതാ ഡിസിപിയുടെ മേൽനോട്ടത്തിലാണ് എസ്ഐടി പ്രവർത്തിക്കുന്നത്. റിപ്പോർട്ട് പുറത്തുപോകാതിരിക്കാൻ നടപടിവേണമെന്ന് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ അതുൽ ശ്രീവാസ്തവ ആവശ്യപ്പെട്ടു. ഗുസ്തി താരങ്ങളുടെ അഭിഭാഷകൻ എസ് എസ് ഹൂഡ ഇതിനെ എതിർത്തു. 27ന് വിശദവാദം കേൾക്കുംവരെ റിപ്പോർട്ട് മുദ്രവച്ച കവറിൽ സൂക്ഷിക്കാൻ കോടതി നിർദേശിച്ചു.

അന്തർദേശീയം

ഇസ്രയേൽ ആക്രമണത്തിൽ പരിക്കേറ്റ കുട്ടിയെ ഗാസ സിറ്റിയിലെ ആശുപത്രിയിലേക്ക് കൊണ്ടുവരുന്നു ഫോട്ടോ: എഎഫ്പി

നാലാം ദിനവും കൂട്ടക്കുരുതി

- ഒരാഴ്ചയ്ക്കിടെ ഗാസയിൽ കൊല്ലപ്പെട്ടത് 33 പേർ

ഗാസ സിറ്റി

തുടർച്ചയായി നാലാം ദിനവും പലസ്തീനിൽ കൂട്ടക്കുരുതി തുടർന്ന് ഇസ്രയേൽസൈന്യം. ഒരാഴ്ചയ്ക്കിടെ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ട പലസ്തീൻ പൗരരുടെ എണ്ണം 33 ആയി. കുട്ടികളും കൊല്ലപ്പെട്ടു. നൂറ്റിപ്പത്തിലധികം പേർക്ക് പരിക്കേറ്റു. വെള്ളിയാഴ്ച പാർപ്പിടസമുച്ചയങ്ങളിലേക്കുണ്ടായ ബോംബാക്രമണത്തിൽ പലസ്തീൻ സായുധ പോരാട്ടസംഘടന പിഐജെയുടെ നേതാവടക്കം രണ്ടുപേർ മരിച്ചു. ജനസാന്ദ്രമേഖലയിലെ ആറുനില കെട്ടിടത്തിനുനേർക്കുണ്ടായ ബോംബാക്രമണത്തിൽ മൂന്നു നില പൂർണമായി തകർന്നെന്ന് അൽ ജസീറ ടിവി റിപ്പോർട്ട് ചെയ്തു.

അതേസമയം, ഗാസ മുനമ്പിൽനിന്ന് പലസ്തീൻ സംഘടനകൾ ഇസ്രയേലിലേക്ക് നൂറുകണക്കിനു റോക്കറ്റുകൾ വിക്ഷേപിച്ചു. മധ്യ ഇസ്രയേലിൽ 70 വയസ്സുള്ളയാൾ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്.

സമാധാന ശ്രമം

ഗാസയിൽ സമാധാനം പുനഃസ്ഥാപിക്കാൻ ഈജിപ്തും ഖത്തറും ഐക്യരാഷ്ട്രസഭയും രംഗത്ത് എത്തി. ഹമാസുമായും പിഐജെയുമായും ഈജിപ്ത് ചർച്ച നടത്തി. സാധാരണക്കാരെ ലക്ഷ്യംവച്ചുള്ള ആക്രമണത്തെ യുഎൻ സെക്രട്ടറി ജനറൽ ശക്തമായി അപലപിച്ചു.

എർദോഗന്റെ വിധിയെഴുതാൻ തുർക്കിയ ജനത

അങ്കാറ

തുർക്കിയയിൽ ഞായറാഴ്ച പ്രസിഡന്റ്, പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ, രണ്ടുപതിറ്റാണ്ടായി അധികാരത്തിലുള്ള പ്രസിഡന്റ് റെസിപ് തയ്യിപ് എർദോഗൻ അഭിപ്രായ സർവേയിൽ പിന്നിൽ. ആറ് പ്രതിപക്ഷപാർടികളുടെ സംയുക്ത സ്ഥാനാർഥി കെമാൽ കിലിച് ദാറോലുവിനാണ് ആദ്യവട്ട തെരഞ്ഞെടുപ്പിൽ മുൻതൂക്കം. ഫെബ്രുവരിയിലെ വിനാശകരമായ ഭൂകമ്പത്തിനു പിന്നാലെ കടുത്ത സാമ്പത്തിക മാന്ദ്യത്തിലേക്ക് വീണ രാജ്യത്ത് വിലക്കയറ്റം അതിരൂക്ഷമായ ഘട്ടത്തിലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. ആദ്യവട്ട തെരഞ്ഞെടുപ്പിൽ ആർക്കും 50 ശതമാനം വോട്ട് ലഭിച്ചില്ലെങ്കിൽ ഒന്നും രണ്ടും സ്ഥാനത്തെത്തിയവർ തമ്മിൽ 28ന് രണ്ടാംവട്ട തെരഞ്ഞെടുപ്പിൽ ഏറ്റുമുട്ടും. അഞ്ച് തെരഞ്ഞെടുപ്പിൽ വിജയിച്ച് പ്രധാനമന്ത്രിയായും പ്രസിഡന്റായും രണ്ടു പതിറ്റാണ്ടായി അധികാരത്തിലുള്ള അറുപത്തൊമ്പതുകാരനായ എർദോഗൻ മൂന്നാംവട്ടമാണ് പ്രസിഡന്റ് സ്ഥാനത്തേക്ക് ജനവിധി തേടുന്നത്. എന്നാൽ, എർദോഗന്റെ ജനപ്രീതി കുത്തനെ ഇടിഞ്ഞെന്ന് വ്യക്തമാക്കുന്നതാണ് സർവേഫലങ്ങൾ.

ഇമ്രാന്റെ അറസ്റ്റ് 17 വരെ വിലക്കി

ഇസ്ലാമാബാദ്

പാകിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാൻ പൊലീസ് സുരക്ഷയിൽ ഇസ്ലാമാബാദ് ഹൈക്കോടതിയിലേക്ക് എത്തുന്നു

പാകിസ്ഥാൻ മുൻ പ്രധാനമന്ത്രിയും തെഹ്‌രീകെ ഇൻസാഫ് പാർടി (പിടിഐ) അധ്യക്ഷനുമായ ഇമ്രാൻ ഖാനെ (70) രണ്ടാഴ്ചത്തേക്ക് അറസ്റ്റിൽനിന്ന് സംരക്ഷണം നൽകി ഇസ്ലാമാബാദ് ഹൈക്കോടതി (ഐഎച്ച്സി). ഈ മാസം ഒമ്പതിനുശേഷം എടുത്ത കേസുകളിൽ 17 വരെ അറസ്റ്റ് പാടില്ലെന്നാണ് നിർദേശം. സൈന്യം കോടതിവളപ്പിൽ കടന്നുകയറി ഇമ്രാനെ അറസ്റ്റ് ചെയ്തത് നിയമവിരുദ്ധമെന്ന് സുപ്രീംകോടതി കഴിഞ്ഞദിവസം ഉത്തരവിട്ടിരുന്നു.

തനിക്കെതിരെ ചുമത്തിയ കേസുകളുടെ വിശദാംശം തേടി ഇമ്രാൻ കോടതിയിൽ പ്രത്യേക ഹർജി നൽകി. മെയ് ഒമ്പതിന് അറസ്റ്റ് ചെയ്യപ്പെട്ടതിനെത്തുടർന്ന് ഉണ്ടായ അക്രമസംഭവങ്ങളെക്കുറിച്ച് അറിയില്ലെന്നും ഇമ്രാൻ കോടതിയിൽ അറിയിച്ചു. എന്നാൽ, എല്ലാ അക്രമ സംഭവങ്ങളെയും അപലപിക്കണമെന്ന് ജാമ്യം അനുവദിച്ചുകൊണ്ട് കോടതി നിർദേശിച്ചു. മറ്റ് കേസുകളിൽ വീണ്ടും ഇമ്രാൻ അറസ്റ്റ് ഭയക്കുന്ന സാഹചര്യത്തിലാണ് പുതിയ കേസുകളിൽ തൽക്കാലത്തേക്ക് അറസ്റ്റ് വേണ്ടെന്ന് കോടതി ഉത്തരവിട്ടത്.

ഉത്തരവ് മാനിക്കുമെന്നും ജാമ്യം നേടിയ കേസുകളിൽ ഇമ്രാനെ അറസ്റ്റ് ചെയ്യില്ലെന്നും ആഭ്യന്തരമന്ത്രി റാണ സനാവുള്ള പ്രതികരിച്ചു. ചൊവ്വാഴ്ച കോടതി പരിസരത്ത് കടന്നുകയറി സൈന്യം ഇമ്രാനെ അറസ്റ്റ് ചെയ്തതിൽ സുപ്രീംകോടതി കടുത്ത രോഷം പ്രകടിപ്പിച്ചതിനു പിന്നാലെയാണ് ഹൈക്കോടതി കേസ് പരിഗണിച്ചത്.

സുപ്രീംകോടതിക്കെതിരെ പ്രധാനമന്ത്രി ഷെഹബാസ്

ഇമ്രാൻ ഖാന് ജാമ്യം ലഭിക്കാൻ അടിയന്തര ഇടപെടൽ നടത്തിയ സുപ്രീംകോടതിയെ രൂക്ഷമായി വിമർശിച്ച് പാക് പ്രധാനമന്ത്രി ഷെഹബാസ് ഷെരീഫ് രംഗത്തെത്തി. സുപ്രീംകോടതിയുടെ ‘ഇരട്ടനിലപാട്’ പാകിസ്ഥാനിൽ നീതിയെ മരണത്തിലേക്ക് നയിച്ചെന്നും കുറ്റപ്പെടുത്തി. ഇമ്രാൻ പ്രധാനമന്ത്രിയായിരുന്നപ്പോൾ അറസ്റ്റിലായ തന്റെ സഹോദരനും മുൻ പ്രധാനമന്ത്രിയുമായ നവാസ് ഷെരീഫിന് എന്തുകൊണ്ട് സുപ്രീംകോടതി അന്ന് ഇത്തരം ഇളവുകൾ അനുവദിച്ചില്ലെന്നും അദ്ദേഹം ചോദിച്ചു.

വീണ്ടും അധികാരത്തിൽ എത്തിയാൽ സർവനാശം

നരേന്ദ്ര മോദി കഴിവുകെട്ടവനെന്ന് നിർമലയുടെ ഭർത്താവ്

നിർമല സീതാരാമനും ഭർത്താവ് പരകാല പ്രഭാകറും

ന്യൂഡൽഹി

ബിജെപിക്ക് കാഴ്ചപ്പാടും കാര്യക്ഷമവുമായ സാമ്പത്തിക തത്വശാസ്ത്രമില്ലെന്ന് കേന്ദ്ര ധന മന്ത്രി നിർമല സീതാരാമന്റെ ഭർത്താവും എഴുത്തുകാരനുമായ പരകാല പ്രഭാകർ. സാമ്പത്തികരംഗത്തടക്കം മോദിയുടെ കഴിവില്ലായ്മ അമ്പരപ്പിക്കുന്നു. എന്നാൽ രാജ്യത്തെ ഭിന്നിപ്പിക്കുന്നതിൽ വിദഗ്ധനാണ്. മോദിസർക്കാരിന്റെ നയങ്ങളെ വിമർശിക്കുന്ന ‘ദ ക്രൂക്ക്ഡ് ടിംബർ ഓഫ് ന്യൂ ഇന്ത്യ’ എന്ന പുസ്തകത്തെക്കുറിച്ച് ‘ദ വയറി’ന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. 2024ൽ മോദി വീണ്ടും അധികാരത്തിൽ എത്തിയാൽ രാജ്യത്ത് സർവനാശമുണ്ടാകും. രാജ്യത്തെ ഹിന്ദുരാഷ്ട്രമാക്കി ബിജെപി മാറ്റും.

സമ്പദ്‌വ്യവസ്ഥ പൂർണ തകർച്ചയിലാണ്. 1990നു ശേഷം ആദ്യമായി ദാരിദ്ര്യരേഖയ്ക്ക് താ

സമീർ വാങ്കഡെയ്ക്കെതിരെ സിബിഐ കേസെടുത്തു

മുംബൈ

ആഡംബരക്കപ്പലായ കോർഡിലിയ അധികൃതരിൽനിന്ന് 25 കോടി രൂപ കൈക്കൂലി ആവശ്യപ്പെട്ടെന്ന കേസിൽ നർകോട്ടിക് കൺട്രോൾ ബ്യൂറോ (എൻസിബി) മുൻ ഉദ്യോഗസ്ഥൻ സമീർ വാങ്കഡെയടക്കം അഞ്ചു പേർക്കെതിരെ സിബിഐ കേസ്. കപ്പലിൽനിന്ന് ബോളിവുഡ് താരം ഷാരൂഖ് ഖാന്റെ മകൻ ആര്യൻ ഖാൻ ഉൾപ്പെടെയുള്ളവരെ പിടികൂടിയത് സമീർ വാങ്കഡെയായിരുന്നു. കേസിൽ ആര്യൻ ഖാൻ അടക്കമുള്ളവരെ കോടതി തെളിവില്ലാത്തതിനാൽ വെറുതേവിട്ടു.